**A** **303**

# സമഗ്ര ശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2024-2025
## ഗണിതം

**ക്ലാസ് : 3** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്.................................................................

വിദ്യാലയത്തിന്റെ പേര് ..................................................

ഡിവിഷൻ ..........................................................................

രക്ഷിതാവിന്റെ ഒപ്പ്...........................................................

അധ്യാപകന്റെ ഒപ്പ് ............................................................


| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | പാറ്റേൺ | |
| 2 | എണ്ണം പറയാം | |
| 3 | ഷൂട്ടിംഗ് മത്സരം | |
| 4 | കാർയാത്ര | |
| 5 | ദൂരം അളക്കാം | |
| 6 | ശാസ്ത്രോത്സവം | |
| | **ഓവറോൾ ഗ്രേഡ്** | |


### *നിർദേശങ്ങൾ*

- ആദ്യത്തെ 15 മിനിറ്റ് ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ള സമയമാണ്.
- ആറ് പ്രവർത്തനങ്ങളിൽ അഞ്ച് പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
- തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.


### പ്രവർത്തനം 1 – പാറ്റേൺ

ചുവടെ കൊടുത്തിരിക്കുന്ന പാറ്റേണുകൾ പൂർത്തിയാക്കുക.




എ)  ....................

ബി)  ....................

സി) 155, 256, 357, ..............

ഡി)  ....................

ഈ പാറ്റേണിലെ അടുത്ത ചിത്രം ചുവടെ ഉള്ളവയിൽ നിന്നും കണ്ടെത്തി വരച്ച് ചേർക്കുക.


i)  ii)  iii)  iv) 

ഇ) മൂന്നക്ക സംഖ്യകൾ ഉൾപ്പെടുന്ന ഒരു പാറ്റേൺ എഴുതുക.

............, ............, ............, ............

**പ്രവർത്തനം 2 - എണ്ണം പറയാം**

ഒരു ബസിൽ 3 പേർ വീതം ഇരിക്കുന്ന 11 സീറ്റും 2 പേർ വീതം ഇരിക്കുന്ന 9 സീറ്റും ഉണ്ട്.



എ) ബസിൽ ആകെ എത്ര പേർക്ക് ഇരുന്നുയാത്ര ചെയ്യാം?

| |
|---|
| |

ബി) യാത്ര ആരംഭിച്ചപ്പോൾ 3 പേർ വീതം ഇരിക്കുന്ന 2 സീറ്റും, 2 പേർ വീതം ഇരിക്കുന്ന 4 സീറ്റും ഒഴിഞ്ഞു കിടക്കുകയായിരുന്നു. ബസിൽ ഇനി എത്ര പേർക്കു കൂടി ഇരുന്നുയാത്ര ചെയ്യാം?

| |
|---|
| |

സി) ചുവടെ തന്നിരിക്കുന്നവയിൽ $3 + 3 + 3 + 3 + 3 + 3$ എന്നതിനെ സൂചിപ്പിക്കുന്ന ക്രിയ ഏത്? ശരിയുത്തരം ☑ ചെയ്യുക.


എ) $6+3$ ☐    ബി) $6\div3$ ☐

സി) $6\times3$ ☐    ഡി) $6-3$ ☐

## പ്രവർത്തനം 3 - ഷൂട്ടിംഗ് മത്സരം

ഒരാൾക്ക് 10 റൗണ്ട് ഷൂട്ട് ചെയ്യാം. ഓരോ പ്രാവശ്യം ഷൂട്ട് ചെയ്യുമ്പോഴും ഏതു സംഖ്യ എഴുതിയ കളത്തിലാണോ കൊള്ളുന്നത് അത്രയും സ്കോർ ലഭിക്കും.






ഷൂട്ടിംഗ് മത്സരത്തിന്റെ 5 റൗണ്ട് കഴിഞ്ഞപ്പോൾ ഉള്ള സ്കോർ പട്ടികയിൽ കൊടുത്തിരിക്കുന്നു.

എ) ഓരോരുത്തരും 100, 10, 1 എന്നീ കളങ്ങളിൽ ഷൂട്ട് ചെയ്തുകൊള്ളിച്ച എണ്ണം കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ...

| പേര് | 100 ൽ | 10ൽ | 1 ൽ | സ്കോർ |
|---|---|---|---|---|
| അരുൺ | 3 തവണ | ഇല്ല | 2 തവണ | 302 |
| വിജയ് | .................... | .................... | .................... | 311 |
| സബീന | .................... | .................... | .................... | 320 |

ബി) ഏറ്റവും കുറഞ്ഞ സ്കോർ നേടിയത് ആര്? ☐


സി) 10 റൗണ്ട് പൂർത്തിയായപ്പോൾ 820 പോയിന്റ് നേടി ഒരാൾ വിജയിച്ചു. ആരാണ് വിജയിച്ചത്? ☐

ഡി) താഴെ തന്നിരിക്കുന്ന സ്കോറുകളിൽ 10 റൗണ്ടുള്ള ഷൂട്ടിംഗ് മത്സരത്തിലെ സ്കോർ ആകാൻ സാധ്യതയുള്ളതിനു നേരെ ☑ ചെയ്യുക.

(i) 534 ☐ (ii) 722 ☐ (iii) 613 ☐ (iv) 1010 ☐

## പ്രവർത്തനം 4 – കാർയാത്ര

തിരുവനന്തപുരത്തുനിന്നും വിവിധ സ്ഥലങ്ങളിലേക്കുള്ള ദൂരം തന്നിരിക്കുന്നത് നോക്കൂ.




| | | |
|---|---|---|
| കൊല്ലം | - | 65കി.മീ. |
| ആലപ്പുഴ | - | 150കി.മീ. |
| കൊച്ചി | - | 205കി.മീ. |
| തൃശ്ശൂർ | - | 304കി.മീ. |
| കോഴിക്കോട് | - | 397കി.മീ. |
| കണ്ണൂർ | - | 471കി.മീ. |
| കാസർഗോഡ് | - | 585കി.മീ. |

എ) കൊല്ലത്തുനിന്നും കാസർഗോഡേക്കുള്ള ദൂരം എത്ര?

ബി) കണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള ദൂരം എത്ര?

സി) തിരുവനന്തപുരത്തുനിന്നും കാസർഗോഡേക്കുള്ള കാർയാത്രയിൽ തൃശ്ശൂർവരെ രാഗേഷും അതിനുശേഷം രാധികയുമാണ് വാഹനമോടിച്ചത്. ആരാണ് കൂടുതൽ ദൂരം ഓടിച്ചത്? എത്ര കൂടുതൽ?

**പ്രവർത്തനം 5 – ദൂരം അളക്കാം**

വിന്നിയും കൂട്ടുകാരും ലോംഗ്ജംപ് മത്സരത്തിൽ പങ്കെടുക്കുകയാണ്. ഓരോരുത്തരും ചാടിയ ദൂരം നോക്കൂ.

| | |
|---|---|
| ബെന്നി | 1 മീറ്റർ 45 സെന്റിമീറ്റർ |
| നിധി | 160 സെന്റിമീറ്റർ |
| ജിതിൻ | 1 മീറ്റർ 50 സെന്റിമീറ്റർ |
| റിമി | 200 സെന്റിമീറ്റർ |
| വിന്നി | 1 മീറ്റർ 85 സെന്റിമീറ്റർ |



എ) കൂടുതൽ ദൂരം ചാടിയ ആദ്യരണ്ടു സ്ഥാനക്കാരെ കണ്ടെത്തുക.

| സ്ഥാനം | പേര് | ചാടിയ ദൂരം |
|---|---|---|
| 1–ാം സ്ഥാനം | ...................................... | ...................................................................... |
| 2–ാം സ്ഥാനം | ...................................... | ...................................................................... |

ബി) പട്ടികയിലെ ഏറ്റവും കൂടിയ ദൂരവും കുറഞ്ഞ ദൂരവും തമ്മിലുള്ള വ്യത്യാസം എത്ര?

സി) ചുവടെ തന്നിരിക്കുന്ന അളവുകളിൽ ഒരു പെൻസിലിന്റെ നീളം ആകാൻ സാധ്യതയുള്ളത് ഏത്? ശരിയുത്തരം ☑ ചെയ്യുക.

i) 180 സെന്റിമീറ്റർ ☐ ii) 18 മീറ്റർ ☐

iii) 18 സെന്റിമീറ്റർ ☐ iv) 180 മീറ്റർ ☐

## പ്രവർത്തനം 6 – ശാസ്ത്രോത്സവം

രണ്ടു ദിവസമായി നടന്ന ഉപജില്ലാശാസ്ത്രോത്സവത്തിൽ ഓരോ ദിവസവും വിവിധ മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണമാണ് പട്ടികയിലുള്ളത്.



| ഒന്നാം ദിവസം | പങ്കെടുത്ത കുട്ടികളുടെ എണ്ണം |
|---|---|
| ശാസ്ത്രമേള | 212 |
| പ്രവൃത്തിപരിചയമേള തത്സമയമത്സരം | 145 |
| സാമൂഹ്യശാസ്ത്രമേള | 143 |
| | |

| രണ്ടാം ദിവസം | പങ്കെടുത്ത കുട്ടികളുടെ എണ്ണം |
|---|---|
| ഗണിതമേള | 118 |
| പ്രവൃത്തിപരിചയമേള പ്രദർശനം | 122 |
| ഐ.ടി. മേള | 147 |
| | |

എ) രണ്ടുദിവസവും കൂടി പ്രവൃത്തിപരിചയമേളയിൽ പങ്കെടുത്ത കുട്ടികളുടെ ആകെ എണ്ണം എത്ര?

ബി) ഉപജില്ലാശാസ്ത്രോത്സവത്തിൽ പങ്കെടുത്ത ആകെ കുട്ടികൾ എത്ര?

സി) ഒന്നാം ദിവസം രണ്ടാം ദിവസത്തേക്കാൾ എത്ര കുട്ടികൾ കൂടുതൽ പങ്കെടുത്തു?